**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3163** **01-03-2023 - ൽ മറുപടിയ്ക്ക്**

**വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പിന്റെ** (www.keralatourism.org/destination-challenge) **എന്ന പോർട്ടൽ വഴി സമർപ്പിക്കേണ്ടതും ആയത് വകുപ്പ് പരിശോധിച്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. ടി പദ്ധതിയുടെ ഭാഗമായി 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | **ഈ പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്കാണ് ഫണ്ട് ചെലവഴിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാവുക.** |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) | • പത്തനംതിട്ട – അയിരൂർ ഗ്രാമപഞ്ചായത്ത് (അയിരൂർ കഥകളി മ്യൂസിയം)<br>• തൃശ്ശൂർ - എളവള്ളി ഗ്രാമപഞ്ചായത്ത് (മണച്ചാൽ ചിൽഡ്രൻസ് പാർക്ക് ) |

| | | | |
|---|---|---|---|
| | | | • പാലക്കാട് - തരൂർ ഗ്രാമപഞ്ചായത്ത് (ചിൽഡ്രൺസ് & അഡ്വഞ്ചർ പാർക്ക് കാരമല)<br>• കോഴിക്കോട്- പെരുമണ്ണ ഗ്രാമപഞ്ചായത്ത് (ചാലിയാർ ഇക്കോ ടൂറിസം)<br>• വയനാട് - കൽപ്പറ്റ മുനിസിപ്പാലിറ്റി (മുണ്ടേരി പാർക്ക് ടൂറിസം പദ്ധതി)<br>• വയനാട്- വൈത്തിരി ഗ്രാമപഞ്ചായത്ത് (വൈത്തിരി റിവർ ടൂറിസം)<br>• എറണാകുളം- ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് (മംഗലപ്പുഴ പാർക്ക്)<br>• എറണാകുളം- വെങ്ങൂര് ഗ്രാമപഞ്ചായത്ത് (കൊടം പള്ളിച്ചിറ)<br>• എറണാകുളം- കാലടി ഗ്രാമപഞ്ചായത്ത് (മാണിക്യമംഗലം )<br>• ഇടുക്കി- കുമളി ഗ്രാമപഞ്ചായത്ത് (ഒറ്റക്കാതൽ മേട് )<br>• ഇടുക്കി -പെരുവന്താനം ഗ്രാമപഞ്ചായത്ത് (ഏകയം വെള്ളച്ചാട്ടം)<br>• കോട്ടയം - വാഴൂർ ഗ്രാമപഞ്ചായത്ത് (പോത്തൻപ്ലാക്കൽ നക്ഷത്ര ജലോൽസവം )<br>• **കണ്ണൂർ - പായം ഗ്രാമപഞ്ചായത്ത് (ഇരിട്ടി ഇക്കോ പാർക്ക് )** |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ് മുഖേന ടൂറിസം മേഖലയിലേക്ക് എത്തിച്ചേർന്നിട്ടുള്ള സ്വകാര്യ സംരംഭകരുടെ എണ്ണം എത്രയാണ്; ഇതിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖേന തുക ഒന്നും നിലവിൽ ചെലവഴിച്ചിട്ടില്ല. |
| (ഇ) | വയബിലിറ്റി ഗ്യാപ് ഫണ്ടിങ് ഇനത്തിൽ സർക്കാർ നാളിതുവരെ ചെലവാക്കിയിട്ടുള്ള തുക എത്രയാണ്; | (ഇ) | വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖേന തുക ഒന്നും നിലവിൽ ചെലവഴിച്ചിട്ടില്ല. |
| (എഫ്) | ഏതൊക്കെ ഇനങ്ങളിലായി ഏതൊക്കെ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കുമായാണ് പണം ചെലവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖേന തുക ഒന്നും നിലവിൽ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ